**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3096** **14-02-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ പഞ്ചായത്തിൽ പാടത്തേക്കു വെള്ളം കയറ്റിയിറക്കുന്ന ചീപ്പ് നിർമ്മാണത്തിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2022-23-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II മരാമത്തുപണികളുടെ വിശദ വിവരങ്ങൾ- വാല്യം-II ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ- ക്രമ നമ്പർ 90 ആയി ഉൾപ്പെടുത്തിയ അപ്പാരൽ പാർക്ക് മാവേലിക്കര എന്ന പദ്ധതിക്ക് പകരമായി 10 കോടി രൂപ അടങ്കൽ തുകയിലും 20% വിഹിതത്തിലും 5 പദ്ധതികൾ ഉൾപ്പെടുത്തി 05/08/22 തീയതിയിൽ സ.ഉ.(സാധാ) നം. 5578/2022/ധന നമ്പർ പ്രകാരം സർക്കാർ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 5-ാമത്തെ പ്രവൃത്തിയായി “Construction of a vented cross bar and its mechanical works and side protection works in Vettiyar thodu near Vettiyar bridge in Thazhakkara & Nooranad Panchayath in Mavelikkara LAC (1 Crore) എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | വെട്ടിയാർ വി.സി.ബി 2003-2004 കാലയളവിലാണ് നിർമ്മിച്ചത്. നിലവിൽ വെട്ടിയാർ വി.സി.ബി-യ്ക്ക് മാനുവലായി ഓപ്പറേറ്റ് ചെയ്യുന്ന ഷട്ടർ ആണ് ഉള്ളത്. എന്നാൽ കർഷകരുടെ നിരന്തര ആവശ്യപ്രകാരം മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് സാങ്കേതികമായ ചില ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ പുതിയ വി.സി.ബി നിർമ്മിക്കുന്നതാണ് അഭികാമ്യം എന്ന് മെക്കാനിക്കൽ വിഭാഗം അഭിപ്രായപ്പെട്ടു. പുതിയ നിർമ്മിതിക്ക് സ്ഥലപരിശോധന നടത്തിയതിൽ നിന്ന് നിലവിൽ വി.സി.ബി ഇരിക്കുന്ന സ്ഥലം തന്നെയാണ് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള നിർമ്മിതി പൊളിച്ച് മാറ്റേണ്ടത് ആവശ്യമായി വരുന്നു. എന്നാൽ നിലവിലുള്ള നിർമ്മിതിക്ക് യാതൊരുവിധ കേട്ടുപാടും ഇല്ലാത്തതിനാൽ Mechanically operating shutter ടി നിർമ്മിതിയിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിന് ജലസേചനവകുപ്പിന്റെ ഡിസൈൻ വിഭാഗമായ ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ, ജലസേചനവകുപ്പിലെ ഉദ്യോഗസ്ഥർ, മെക്കാനിക്കൽ വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തുകയുണ്ടായി. സോയിൽ ഇൻവെസ്റ്റിഗേഷന് സാമ്പത്തികാ നുമതി ലഭിച്ച തുക ഉപയോഗിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഐ.ഡി.ആർ.ബി നിർദ്ദേശി ച്ചിട്ടുണ്ട്. ടി പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിനു വേണ്ടി ഡിസൈൻ വിഭാഗമായ ഐ.ഡി.ആർ.ബി-യ്ക്ക് നൽകുന്നതാണ്. |
| (സി) | മാവേലിക്കര മണ്ഡലത്തിൽ മാവേലിക്കര മുൻസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിന് 2016-17 മുതൽ 2023 ഡിസംബർ വരെ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും നടപ്പിലാക്കിയ പദ്ധതികളുടെ തൽസ്ഥിതി അടക്കം വിശദമാക്കുമോ? | (സി) | മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ട ത്തോടിന്റെ പുനരുദ്ധാരണത്തിനായി 2016-17 മുതൽ 2023 ഡിസംബർ വരെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടതോടിന്റെ പുനരുദ്ധാരണത്തിനായി 2016-17 മുതൽ 2023 ഡിസംബർ വരെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ**

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | ചെലവഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോടിന്റെ നവീകരണം | 32.5 ലക്ഷം | 31,25,838/- | 2017 - ൽ പൂർത്തീകരിച്ചു. |
| MLA-ADS-2017-18 മാവേലിക്കര പ്രൈവറ്റ് ബസ് സ്റ്റാന്റിന് മുൻഭാഗത്തുള്ള കോട്ടത്തോടിന്റെ നവീകരണം | 50 ലക്ഷം | 48,24,497/- | 2021-ൽ പൂർത്തീകരിച്ചു |
| MLA-ADS-2022-23 മാവേലിക്കര മുനിസിപ്പാലിറ്റി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് മുൻവശത്തുള്ള കോട്ടതോട് സംരക്ഷണഭിത്തി, കവറിംഗ് സ്ലാബ് എന്നിവയുടെ നിർമ്മാണം | 30 ലക്ഷം | Nil | പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറ്റം ചെയ്തു. |

**സെക്ഷൻ ഓഫീസർ**